ക്ഷേമനിധിയിൽ നിന്നും പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി നടപടി

117 (4277) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്ന് 31-8-1997-ൽ ഡെപ്യൂട്ടി ജനറൽ മാനേജർ ആയി റിപ്പയർ ചെയ്ത ആലുവ, തോട്ടുകാട്ടുകര ഉഷസ്സിൽ ശ്രീമതി. ടി.കെ. തങ്കം, ക്ഷേമനിധിയിൽ നിന്നും പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി നാളിതുവരെ എത്ര അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട് ;

(ബി) ഈ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനം എന്തെന്ന് വെളിപ്പെടുത്തുമോ ;

(ഡി) തീരുമാനമൊന്നും എടുത്തിട്ടില്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഇ) ഇവർക്ക് അർഹമായ പെൻഷൻ ആനുകൂല്യങ്ങൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) രണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) അപേക്ഷകൾ എറണാകുളം ജില്ലാ സഹകരണ ബാങ്കിന് റിപ്പോർട്ടിനായി അയച്ചുകൊടുത്തു.

(സി-ഇ) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർക്ക് വെൽഫയർ ഫണ്ട് തുക നൽകുന്നതുസംബന്ധിച്ച് വിവിധ ബാങ്കുകൾ സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ ഫയൽ ചെയ്തിരിയ്ക്കയാണ്. സുപ്രീം കോടതിയുടെ താത്കാലിക ഉത്തരവിൽ തുക ഇന്നും തന്നെ നൽകരുതെന്ന് ഉത്തരവായിട്ടുണ്ട്. കേസ് തീർപ്പായശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

തുറമുഖങ്ങളുടെ വികസനത്തിനായി നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

118 (4278) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിനായി ഏതൊക്കെ കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതികൾ ഏതൊക്കെ തുറമുഖങ്ങളുടെ വികസനത്തിനായാണ് ഇപ്പോൾ നടപ്പാക്കി കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) ഇവയോരോന്നിന്റെയും അടങ്കൽ തുക എത്രയാണ് ;

(ഡി) എന്നാണ് ഈ പ്രവർത്തികൾ ആരംഭിച്ചത് ;

(ഇ) ഇവയോരോന്നും എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിനായി പഠനങ്ങൾ നടത്തുന്നതിനും രൂപരേഖ തയ്യാറാക്കുന്നതിനും വേണ്ടി ചെലവാകുന്ന തുകയുടെ അൻപതു ശതമാനം ഗ്രാന്റായി നല്കുന്ന കേന്ദ്ര സർക്കാരിന്റെ ഒരു പദ്ധതിയെ ഇപ്പോൾ നിലവിലുള്ളൂ. അല്ലാതെ തുറമുഖ വികസനത്തിനും നിർമ്മാണത്തിനുമായി കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

(ബി) അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനുവേണ്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഈ പദ്ധതി പ്രകാരം കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്.

(സി) പ്രോജക്ട് റിപ്പോർട്ടുകൾ പൂർത്തിയാകാത്തതിനാൽ വിവരം ലഭ്യമല്ല.

(ഡി) പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ഇ) പ്രസക്തമല്ല.

ചെറുകിട തുറമുഖങ്ങളുടെ വികസനം സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട്

119 (T 4278) പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീമതി മേഴ്സിരവി :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട തുറമുഖങ്ങളുടെ വികസനം സംബന്ധിച്ച് പൂർത്തിയായ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് അവ നടപ്പാക്കുന്നതിനുള്ള ചെലവ് എത്രവീതമാണ് ;

(ബി) ഇവയോരോന്നും എത്ര ഘട്ടങ്ങളായി എത്ര വർഷംകൊണ്ട് പൂർത്തിയാക്കണമെന്നാണ് പ്രോജക്ട് റിപ്പോർട്ട് വിഭാവന ചെയ്യുന്നത് ;

(സി) ഈ പദ്ധതികൾ ബി. ഒ. ടി. അടിസ്ഥാനത്തിലാണോ നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഈ ഓരോ പദ്ധതിയിലും ആരെല്ലാം താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട് ?

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly